**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1222** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>സമയബന്ധിതമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കനത്ത മഴയും മറ്റുംമൂലം വ്യാപക കൃഷിനാശം സംഭവിച്ച് നിരവധി കർഷകർ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം സമയബന്ധിതമായി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> ഉണ്ട്. കനത്ത മഴ ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ മൂലം ഉണ്ടായ കൃഷിനാശം നേരിട്ട കർഷകർക്ക് നിലവിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം 2021 ഒക്ടോബർ 25 വരെയുള്ള ധനസഹായമാണ് നൽകിയിട്ടുള്ളത്. കൂടാതെ പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) പ്രകാരവും നഷ്ടപരിഹാരം ലഭിക്കുന്നു. പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 2025 മെയ് 4 വരെയുള്ള നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. RWBCIS പദ്ധതിയിൽ നിർവ്വഹണ സ്ഥാപനമായ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് 2023-24 വർഷം വരെയുള്ള നഷ്ടപരിഹാരവും വിതരണം ചെയ്തിട്ടുണ്ട്.**

**(ബി)** ഇല്ലെങ്കിൽ സമയബന്ധിതമായി നഷ്ടപരിഹാരം ലഭ്യമാക്കി കർഷകരെ കൃഷിയിലേക്ക് കൂടുതൽ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം നേരിട്ട കർഷകർക്ക് സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നതിനായി എയിംസ് പോർട്ടൽ വഴി പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയുടെയും, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെയും അപേക്ഷ സ്വീകരിച്ച്, പരിശോധനകൾ നടത്തി അംഗീകരിക്കുന്നു. അംഗീകരിച്ച ക്ലെയിമുകൾക്ക് സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

കർഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ അധിക ധനവിഹിതം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. കൂടാതെ അടിയന്തര സഹായ പദ്ധതിയിലെയും, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലെയും കുടിശ്ശികകൾ കാർഷിക അഭിവൃദ്ധി ഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിനായി 15/03/2026ൽ സ.ഉ.(കൈ)നം.160/2026/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**